# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1734 — 03.05.2017 — ൽ മറുപടിക്ക്

## ഭക്ഷ്യ ഭദ്രത മുൻഗണനാ ലിസ്റ്റ് സംബന്ധിച്ച് പരാതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അടൂർ പ്രകാശ്<br>,, എം. വിൻസെന്റ്<br>,, അനിൽ അക്കര<br>,, ഷാഫി പറമ്പിൽ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി) |
| (എ) ഭക്ഷ്യ ഭദ്രത മുൻഗണനാ ലിസ്റ്റ് സംബന്ധിച്ച് വ്യാപക പരാതികൾ ഉണ്ടായിട്ടുണ്ടോ;<br><br>(ബി) ഉണ്ടെങ്കിൽ പരാതികൾ ഉണ്ടാകാനിടയായ സാഹചര്യങ്ങൾ എന്തായിരുന്നു എന്ന് കണ്ടെത്തിയിട്ടുണ്ടോ; | (എ) യും (ബി) യും പരാതി ഉള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ മാനദണ്ഡപ്രകാരം തയ്യാറാക്കിയ പ്രീ-പോപ്പുലേറ്റഡ് ഫോമിൽ കാർഡുടമകൾ സ്വയം പൂരിപ്പിച്ച് നൽകിയ രേഖകളുടെ അടിസ്ഥാനത്തിൽ ആണ് കരട് മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. ഇത്തരം അപേക്ഷകളിൽ ശരിയായ വിവരങ്ങൾ രേഖപ്പെടുത്താതെയും ഡാറ്റാ എൻട്രിയിൽ വന്ന ചില പിഴവുകൾ മൂലവും അനർഹർ ഉൾപ്പെടുകയും അർഹർ മുൻഗണനാ പട്ടികയിൽ ഉൾപ്പെടാതെയും പോയിട്ടുണ്ട്. |
| (സി) എത്ര പരാതികളാണ് ഇതിനകം ലഭിച്ചതെന്നും അതിൽ എത്ര പരാതികളിൽ നടപടി സ്വീകരിച്ചുവെന്നുമുള്ളതിന്റെ കണക്ക് ലഭ്യമാണോ; എങ്കിൽ വെളിപ്പെടുത്തുമോ; | (സി) കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിക്കുമ്പോൾ 1673422 ആക്ഷേപങ്ങളും പരാതികളും ലഭിച്ചിരുന്നു. ഇതിൽ 1524161 പരാതികളിന്മേൽ പരിശോധന നടത്തുകയും 1293868 അപേക്ഷകൾ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ഡാറ്റാ എൻട്രി നടത്തുകയും 230293 അപേക്ഷകൾ നിരസിക്കുകയും ചെയ്തു. 149261 അപേക്ഷകർ ഹിയറിംഗിൽ പങ്കെടുക്കാതിരിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പട്ടികവിഭാഗത്തിൽപെട്ടവരും മത്സ്യത്തൊഴിലാളികളും മുൻഗണനാ പട്ടികയിൽ നിന്നും പുറത്തായപ്പോൾ വിദേശത്ത് ജോലിയുള്ള വ്യക്തികളുടെ കുടുംബങ്ങൾ മുൻഗണനാ പട്ടികയിൽ കടന്ന് കയറാനിടയായ സാഹചര്യം പരിശോധിക്കുമോ? | (ഡി) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിലാക്കുന്നതിന് വേണ്ടി മുൻഗണനാ വിഭാഗത്തിനുള്ള ക്ലേശ ഘടകങ്ങൾ തീരുമാനിച്ചിരിക്കുന്നത് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.01.2011-ലെ സ.ഉ(കൈ)നം.16/2011 പ്രകാരമാണ്. ടി ഉത്തരവ് പ്രകാരം പട്ടികജാതി വിഭാഗത്തിന് 10 മാർക്കും പരമ്പരാഗത മത്സ്യ തൊഴിലാളികൾക്ക് 10 മാർക്കുമാണ് ലഭിക്കുന്നത്. മറ്റ് ക്ലേശ ഘടകങ്ങളൊന്നും തന്നെ ലഭിക്കുന്നില്ല എങ്കിൽ 10 മാർക്ക് മാത്രമാണ് ടി വിഭാഗങ്ങൾക്ക് ലഭിക്കുന്നത്. ആയതിനാലാണ് പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ആളുകളും പരമ്പരാഗത മത്സ്യ തൊഴിലാളികളും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടാതെ പോകുന്നത്.<br><br>വിദേശത്ത് ജോലിയുള്ളതുകൊണ്ട് മാത്രം മുൻഗണനാ പട്ടികയിൽ ഉൾപ്പെടുന്നതിന് അയോഗ്യതയില്ല. അവർ രേഖപ്പെടുത്തിയ വിവരങ്ങൾ പ്രകാരം മറ്റ് ക്ലേശ ഘടകങ്ങൾ അനുസരിച്ച് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുവാനാവശ്യമായ മാർക്ക് ലഭിക്കുകയാണെങ്കിൽ നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം വിദേശത്ത് ജോലി ചെയ്യുന്ന ആൾക്കാരും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുന്നുണ്ട്. എന്നാൽ അനർഹർ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കുന്നതാണ്. |

*സെക്ഷൻ ഓഫീസർ*